ശ്രീ. ടി. കെ. നാരായണപിള്ള: അതു് അഭിപ്രായവ്യത്യാസമുള്ള കാര്യമാണു്. അവിടെ ധാരാളം വളവുകളുണ്ടു്. റോഡിന്റെ അരികിൽ മരങ്ങളുടെ കമ്പു് ധാരാളമായി തൂങ്ങിക്കിടക്കുകയും ചെയ്യുന്നുണ്ടു്.

ശ്രീ. എൻ. വി. ചാക്കോ: മരങ്ങളുടെ കമ്പു വെട്ടിനീക്കുന്നതിനു തടസ്സം വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു നിയമതടസ്സമൊന്നുമില്ല.

ബുൾഡോസറുകൾ

*൩൪൪. (൨൨) ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിൽ സംയോജനത്തിനു മുൻപു എത്ര ബുൾഡോസറുകൾ ഓരോ ഗവൺമെണ്ടും മേടിച്ചു;

(ബി) ആ ബുൾഡോസറുകൾ ലേലത്തിൽ വിൽക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ സംയോജനത്തിനു ശേഷമാണോ;

(ഡി) ലേലത്തിൽ കൊടുത്തുവെങ്കിൽ എത്ര സംഖ്യയ്ക്കാണു കൊടുത്തതു്;

(ഇ) മേടിച്ച വില എന്തായിരുന്നു?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഒരു ബുൾഡോസർ തിരുവിതാംകൂർ ഗവൺമെണ്ടും ബുൾഡോസറും ട്രാക്ടറും ചേർത്തു് എഴെണ്ണം കൊച്ചി ഗവൺമെണ്ടും വാങ്ങിച്ചിരുന്നു.

(ബി) ഇല്ല.

(സി), (ഡി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഇ) വസ്തുവകകൾ ശ്രദ്ധാപൂർവ്വം പരിപാലിച്ചുവരുന്നു.

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊച്ചിയിൽ ഒരു ബുൾഡോസർ വാങ്ങിച്ചതു് ഏതു ഗവൺമെണ്ടിന്റെ കാലത്താണു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു ബുൾഡോസർ വാങ്ങിച്ചു എന്നു ഞാൻ പറഞ്ഞില്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊച്ചിയിൽ എത്ര ബുൾഡോസർ വാങ്ങിച്ചു എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: മറുപടി ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ അതിൽ എത്രയെണ്ണം പ്രവർത്തനത്തിൽ ഇരിക്കുന്നുണ്ടു്.

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാം പ്രവർത്തനത്തിൽതന്നെ ഇരിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള. എവിടെയാണു് അതു പ്രവർത്തനത്തിലിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പല സ്ഥലങ്ങളിലും അതു പ്രവർത്തിക്കുന്നുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രധാനമായി എവിടെയാണു് പ്രവർത്തിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു പ്രത്യേകം ഒരു ചോദ്യം അയച്ചാൽ മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊച്ചിയിൽ വാങ്ങിയ ബുൾഡോസറിന്റെ വില എന്താണെന്ന പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേകമായി അതിന്റെ കണക്ക പറയാൻ നിവൃത്തിയില്ല. എല്ലാംകൂടി ചേർത്തുള്ള വില ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഇട്ടീര അമ്മുക്കൻ. തിരുവിതാംകൂറിൽ വാങ്ങിയ ബുൾഡോസറിന്റെ വില എന്താണെന്ന പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വിവരം ഇപ്പോൾ എന്റെ കൈവശം ഇല്ല.

Sri. P. Balakrishnan Tampi: Are these bull-dozers the only assets of Cochin? Are there not other equipments?

Sri. T. K. Narayana Pillai: Not only the bull-dozers but many other items.

വിദ്യുച്ഛക്തി വിതരണം

*൩൪൩. (൨൩) ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ ഇലക്ട്രിക്കു് സപ്ലൈ പുതിയതായി വല്ല വില്ലേജുകളിലേക്കും നീട്ടുവാൻ പദ്ധതികളുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടേക്കാണു്; എന്നത്തേക്കു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു്.

(ബി) വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റു് താഴെ കൊടുത്തിട്ടുണ്ടു്.

DISTRIBUTION OF ELECTRICITY

For the Current year

1. Pullanikad Angady
2. Olarikara
3. Kandassankadavu
4. Cherpu
5. Oorakam
6. Chovar
7. Kurkancherry
8. Kanimangalam
9. Pullur
10. Karuvannur
11. Kattur
12. Karanchira
13. Manjummel
14. Kalady
15. Keezhmad
16. Kurumali
17. Pazhanji
18. Kattukampal
19. Malayattur
20. Moorkanikara
21. Cherur
22. Annapuzha
23. Eruthempathy
24. Pudur
25. Nedupunni

For the year 1951—52

1. Chelakara
2. Mullurkara
3. Cheruthuruthy
4. Ollurkara
5. Muringoor
6. Nadavarambu
7. Mundoor
8. Ottupara
9. Mala
10. Poyya
11. Azhikode
12. Eriad
13. Cherai
14. Pallipuram
15. Ankamali
16. Varapuzha
17. Kottuvalli

LIBRARY ARCHIVES Kerala Legislative Assembly